# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.33** — **28.11.2018-ൽ മറുപടിക്ക്**

### എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

**ചോദ്യം**
**ശ്രീ. എ.എം. ആരിഫ്**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് പരീക്ഷ നടത്തി ഇന്റർവ്യൂ കഴിഞ്ഞിട്ടും നാളിതുവരെയായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റുകൾ അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ഉണ്ട്. റാങ്ക് ലിസ്ററ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ച വരുന്നു. |
| (ബി) | എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റിന്റെ എത്ര വേക്കൻസികളാണ് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിലവിലുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ, ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br><br>ജില്ല — LPSA — UPSA<br>തിരുവനന്തപുരം — 152 — 78<br>കൊല്ലം — 170 — 90<br>ആലപ്പുഴ — 42 — 28<br><br>സംസ്ഥാനത്ത് പി.എസ്.സി വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും കർശന |

| ജില്ല | LPSA | UPSA |
|---|---|---|
| തിരുവനന്തപുരം | 152 | 78 |
| കൊല്ലം | 170 | 90 |
| ആലപ്പുഴ | 42 | 28 |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം എല്ലാ വകുപ്പുകളിലും ദ്രുത പരിശോധനയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ